പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. T 1675

04.10.2016 ൽ
മറുപടിയ്ക്ക്

## യൂത്ത് ഹോസ്റ്റലുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എൻ. ഷംസീർ | ശ്രീ.ഇ.പി.ജയരാജൻ (ബഹു.വ്യവസായവും, സ്പോർട്സും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് എത്ര യൂത്ത് ഹോസ്റ്റലുകൾ നിലവിലുണ്ട്; അവയുടെ പേര് സഹിതം ജില്ല-തിരിച്ച് വിശദമാക്കുമോ ;

(എ) നെഹ്റു യുവകേന്ദ്ര സംഘാദന്റെ കീഴിൽ സംസ്ഥാനത്ത് 3 യൂത്ത് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. പേരുവിവരം ചുവടെ ചേർക്കുന്നു.

1. ഗവ. യൂത്ത് ഹോസ്റ്റൽ,വേളി, തിരുവനന്തപുരം
2. ഗവ. യൂത്ത് ഹോസ്റ്റൽ, എൻ.ജി.ഒ ക്വാർട്ടേഴ്സ് ജംഗ്ഷൻ, തൃക്കാക്കര, എറണാകുളം.കൊച്ചി.
3. ഗവ. യൂത്ത് ഹോസ്റ്റൽ, ഈസ്റ്റ്ഹിൽ, കോഴിക്കോട്

(ബി) ഓരോ യൂത്ത് ഹോസ്റ്റലിലും കഴിഞ്ഞ 2 വർഷക്കാലത്ത് വാടക ഇനത്തിൽ ലഭിച്ച വരുമാനമെത്ര, പ്രസ്തുത കാലയളവിൽ അറ്റകുറ്റ പണികൾക്ക് ചെലവഴിച്ച തുകയെത്ര എന്നീ വിവരങ്ങൾ നൽകുമോ ;

(ബി) ഓരോ യൂത്ത് ഹോസ്റ്റലിലും കഴിഞ്ഞ 2 വർഷക്കാലത്ത് വാടകയിനത്തിൽ ലഭിച്ച വരുമാനം/അറ്റകുറ്റ പണികൾക്ക് ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഹോസ്റ്റൽ | വാടകയിനത്തിൽ ലഭിച്ച വരുമാനം | | അറ്റകുറ്റ പണികൾക്ക് ചെലവഴിച്ച തുക (രൂപ) |
|---|---|---|---|
| | വർഷം | തുക (രൂപ) | |
| ഗവ. ഹോസ്റ്റൽ, വേളി, തിരുവനന്തപുരം | 2014-15 | 9,21,634 | 53,943 |
| | 2015-16 | 8,91,322 | 74,276 |
| ഗവ. ഹോസ്റ്റൽ, കൊച്ചി | 2014-15 | 9,58,870 | 2,26,995 |
| | 2015-16 | 9,05,040 | 1,67,736 |
| ഗവ. ഹോസ്റ്റൽ, ഈസ്റ്റ്ഹിൽ, കോഴിക്കോട് | 2014-15 | 16,28,821 | 1,26,642 |
| | 2015-16 | 16,88,600 | 5,53,713 |

(സി) യൂത്ത് ഹോസ്റ്റലുകളിലെ വാസയോഗ്യമായ സിംഗിൾ, ഡബിൾ മുറികളുടെ എണ്ണം എത്രയെന്ന് യൂത്ത് ഹോസ്റ്റലുകൾ തിരിച്ച് ലഭ്യമാക്കാമോ;

വാസയോഗ്യമായ സിംഗിൾ/ഡബിൾ മുറികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ഹോസ്റ്റൽ | സിംഗിൾ റൂം | ഡബിൾ റൂം |
|---|---|---|
| വേളി | ഇല്ല | ഒന്ന് |
| കൊച്ചി | ഇല്ല | രണ്ട് |
| കോഴിക്കോട് | ഇല്ല | രണ്ട് |

(ഡി) ഓരോ യൂത്ത് ഹോസ്റ്റലിലും വാസയോഗ്യമല്ലാത്ത എത്ര സിംഗിൾ, ഡബിൾ മുറികളുണ്ടെന്നും എത്രകാലമായി ഇവ ഉപയോഗ ശൂന്യമായി കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) വാസയോഗ്യമല്ലാത്തത് ഇല്ല.

(ഇ) യൂത്ത് ഹോസ്റ്റലുകളിൽ മുറി ബുക്കിംഗിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മുറി ബുക്കിംഗ് ഓൺലൈൻ വഴിയാക്കി സുതാര്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൊച്ചി, കോഴിക്കോട് ഗവൺമെന്റ് യൂത്ത് ഹോസ്റ്റലുകൾക്ക് ഓൺലൈൻ ബുക്കിംഗ് സംവിധാനം ഉണ്ട്. തിരുവനന്തപുരം ഹോസ്റ്റലിന് NEFT, e-mail, SMS മുഖാന്തിരം മുറി ബുക്ക് ചെയ്യാനുള്ള സൗകര്യം ഉണ്ട്.

സെക്ഷൻ ഓഫീസർ